# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3238** **07.11.2019-ൽ മറുപടിയ്ക്ക്**

## ഓൺലൈൻ മത്സ്യവിപണനം

ചോദ്യം

ശ്രീ.ജോൺ ഫെർണാണ്ടസ്
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ. ഡി.കെ. മുരളി
ശ്രീ.എം. നൗഷാദ്

മറുപടി

ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

എ) പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പരിപാടിയും മത്സ്യത്തൊഴിലാളികൾ മുഖാന്തിരം കൂട് മത്സ്യകൃഷികളും നടപ്പാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കാൻ അവർ അംഗമായുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വഴി എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരം കേന്ദ്ര സബ്സിഡിയോടു കൂടി പലിശരഹിത വായ്പ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. കൂടാതെ മത്സ്യഫെഡിന്റെ സഹകരണ സംഘങ്ങൾ വഴി തീരദേശ ലേലം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അതുവഴി മത്സ്യത്തിന് ലഭിക്കേണ്ട വില ഉറപ്പാക്കുവാൻ ഒരു പരിധി വരെ സാധിക്കുന്നു. അതിനായി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കുന്നു. മത്സ്യവിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ അടയ്ക്കുന്നവർക്ക് ഇതിന്റെ 50% തുക സർക്കാർ വിഹിതമായി അനുവദിച്ച് ആകെ 1.50% തുക

ഉല്പാദന ബോണസ്സായി നൽകുകയും ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു.

1. എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2. എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി. എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ
   a. ടേം വായ്പകൾ
   b. മൈക്രോഫിനാൻസ് വായ്പ
3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി
4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം
5. വലകൾക്കുള്ള സബ്സിഡി പദ്ധതി
6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
7. നാടൻ വള്ളങ്ങളുടെ നവീകരണം

| | | |
|---|---|---|
| ബി) ഇതിന്റെ ഭാഗമായി തീരദേശത്തെ യുവജനങ്ങളെയും സ്ത്രീകളെയും ഓൺ ലൈൻ മത്സ്യവിപണന മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) യും സി) യും | മത്സ്യഫെഡ് വഴി ഓൺലൈൻ മത്സ്യവിപണനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓൺലൈൻ മത്സ്യവിപണന മേഖലയിൽ പ്രവർത്തിക്കുന്നതിന് തീരദേശത്തെ യുവജനങ്ങൾക്കും, സ്ത്രീകൾക്കും മുൻഗണന നൽകുന്നതാണ്. |
| സി) ഇതുസംബന്ധിച്ച് അവർക്കാവശ്യമായ മാർക്കറ്റിംഗ് പരിശീലനം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | | |
| ഡി) സംസ്ഥാനത്തെ എത്ര മത്സ്യ മാർക്കറ്റുകളെയാണ് ആദ്യ ഘട്ടത്തിൽ ഓൺലൈൻ ശൃംഖലയിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി പ്രത്യേക വെബ് സൈറ്റ് ആരംഭിക്കുമോയെന്നും വ്യക്തമാക്കാമോ? | ഡി) | ഓൺലൈൻ ശൃംഖല മാർക്കറ്റ് കേന്ദ്രീകരിച്ചല്ല ആരംഭിക്കുന്നത്.ഇതിനായി പ്രത്യേക 'വെബ്സൈറ്റ്' പദ്ധതി തുടങ്ങുന്നതിന് മുന്നോടിയായി ഒരുക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**